## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4740** — **14.11.2019-ൽ** മറുപടിക്ക്

**<u>കൊല്ലങ്കോട് ബൈപാസ്</u>**

**<u>ചോദ്യം</u>**

**ശ്രീ. കെ.ബാബു**

(എ) മുൻ എൽ.ഡി.എഫ് സർക്കാർ ബജറ്റിൽ പ്രഖ്യാപിച്ച കൊല്ലങ്കോട് ബൈപാസ് റോഡിന്റെ പ്രവൃത്തി നാളിതുവരെ തുടങ്ങാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) കൊല്ലങ്കോട് ബൈപാസിനായി എത്ര തുകയാണ് ചെലവഴിച്ചതെന്നും നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ?

**<u>മറുപടി</u>**

**ശ്രീ. ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) യും (ബി) യും

പാലക്കാട് ജില്ലയിലെ വടക്കഞ്ചേരി - പൊള്ളാച്ചി റോഡിൽ കൊല്ലങ്കോട് ബൈപ്പാസ് റോഡ് നിർമ്മാണത്തിന് 14.07.2009-ലെ സ.ഉ(സാധാ)നം. 1045/2009/പൊ.മ.വ പ്രകാരം 13 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിക്കുകയും അതിനായി 2,48,000/- രൂപ ചെലവായിട്ടുമുണ്ട്. കൊല്ലങ്കോട് ബൈപ്പാസ് നിർമ്മാണത്തിനാവശ്യമായ 14.5204 ഹെക്ടർ ഭൂമിയിൽ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 14.061 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് 10.06.2010-ലെ സ.ഉ(സാധാ) നം.939/2010/പൊ.മ.വ പ്രകാരം അനുമതി നൽകുകയുണ്ടായി. സ്ഥലം ഏറ്റെടുക്കുന്നതിന് പുതിയ നിയമം വന്നതിനാൽ പ്രസ്തുത പ്രവൃത്തിക്ക് സ്ഥലം ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയ പഴയ ഉത്തരവ് കാലഹരണപ്പെട്ടതായും ബൈപ്പാസ് നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പ് നടപടി തുടരുന്നതിന് സ്ഥലത്തിന്റെ ഏകദേശ വിലയായി 10,57,20,000/- രൂപ വേണ്ടതായും പ്രസ്തുത തുകയ്ക്കുള്ള ഭരണാനുമതി ലഭ്യമാക്കണമെന്നും നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിരുന്നു. എന്നാൽ വടക്കഞ്ചേരി പൊള്ളാച്ചി റോഡ് സാധ്യതാപഠനത്തിന്റേയും പദ്ധതി രൂപരേഖ തയ്യാറാക്കലിന്റേയും ഫലത്തിന് വിധേയമായി ദേശീയപാതയായി തത്വത്തിൽ അംഗീകരിച്ചിട്ടുള്ളതായി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ

നിന്നും അറിയിപ്പ് ലഭിച്ചതിനാൽ പ്രസ്തുത റോഡിനുവേണ്ടി തയ്യാറാക്കുന്ന വിശദമായ പദ്ധതി രേഖയിൽ നിർദ്ദിഷ്ട കൊല്ലങ്കോട് ബൈപ്പാസ് ഉൾപ്പെട്ടിട്ടുണ്ടോയെന്നത് പരിശോധിക്കുവാൻ ദേശീയപാതാവിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത റോഡിന്റെ സാധ്യതാപഠനവും പദ്ധതിരൂപരേഖ തയ്യാറാക്കുന്നതും KITCO മുഖാന്തിരം കേന്ദ്ര മന്ത്രാലയം അംഗീകരിച്ച പ്രകാരം നടത്തിവരുന്നു. വിവിധ അലൈൻമെന്റ് ഓപ്ഷനുകൾ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന് സമർപ്പിച്ചുവെങ്കിലും അംഗീകാരം ലഭിച്ചിട്ടില്ല. അലൈൻമെന്റ് ഓപ്ഷൻ അംഗീകരിച്ചാൽ മാത്രമേ പ്രസ്തുത ദേശീയപാതയിൽ നിർദ്ദിഷ്ട കൊല്ലങ്കോട് ബൈപ്പാസ് ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാവുകയുള്ളൂ.

സെക്ഷൻ ഓഫീസർ